## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.449

### 2015 മാർച്ച് 10-ാം തീയതി മറുപടി നല്കേണ്ടത്

### കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സറേ യൂണിറ്റ്

ചോദ്യം

ഉത്തരം

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സറേ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 19.04.2013 ൽ ആസ്തിവികസന പദ്ധതിയിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ചിട്ടും പ്രസ്തുത എക്സറേ യൂണിറ്റ് സ്ഥാപിക്കു-ന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; | ബഹു. കേരള ഹൈക്കോടതിയുടെ 11.04.2001 ലെയും 18.10.2002 ലെയും, സിസിസി 803/2000 ലെയും അനുബന്ധ കേസുകളിലേയും ഉത്തരവിൻെറ അടിസ്ഥാനത്തിൽ പൊതുമ-രാമത്ത് ജലവിഭവവകുപ്പുകളിലെ പ്രവർത്തികൾ പൂർത്തിയാക്കിയ ഇനത്തിൽ കരാറുകാർക്ക് നൽകുവാനുള്ള തുക സംസ്ഥാന മുൻഗണന പ്രകാരമാണ് നല്കി വരുന്നത്. ആസ്തി വികസന പദ്ധതിപ്രകാരം പൂർത്തിയാക്കിയ പ്രവർത്തികളുടെ ബില്ലുകളും ഇപ്രകാരമുള്ള സംസ്ഥാനതല മുൻഗണന ക്രമത്തിലാണ് മാറുന്നത്. കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സറേ യൂണിറ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ച ബിൽ 2014 ഫെബ്രുവരി മാസത്തേക്കുള്ളതാണ്. 2013 ഡിസംബർ 31 വരെ യുള്ള ബില്ലുകൾക്കാണ് ലെറ്റർ ഓഫ് ക്രഡിറ്റ് അനുവദിച്ചിട്ടുള്ളത്. |

| | |
|---|---|
| ബി) ടി പ്രവൃത്തിയുടെ അടിയന്തിര സ്വഭാവവും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി അനുവദിച്ച സാഹചര്യങ്ങളും കണക്കിലെടുത്ത് എക്സറേ യൂണിറ്റ് സ്ഥാപിക്കുവാനാവശ്യമുള്ള 16,68,634 രൂപയ്ക്കുള്ള 02.02.2014 ലെ മുൻഗണന പട്ടികയിൽപ്പെടുത്തി നിർദ്ദേശിയ്ക്കപ്പെട്ട ലെറ്റർ ഓഫ് ക്രഡിറ്റ് അതിൽ നിന്നും മാറ്റി സ്പെഷ്യൽ ലെറ്റർ ഓഫ് ക്രഡിറ്റിലൂടെ തുക അടിയന്ത രമായി അനുവദിക്കുന്നതിനായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നു 29.02.2015 ൽ സമർപ്പിച്ച കത്തിൽ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>സി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ? | മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ബില്ല് സ്പെഷ്യൽ ലെറ്ററായി പരിഗണിച്ച് തുക നൽകുന്നത് ബഹു. ഹൈക്കോടതി ഉത്തരവിന്റെ ലംഘനമാകുന്നതാണ്. സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 1704/2015/ധന. തീയതി 02.03.2015 പ്രകാരം 2014 ഫെബ്രുവരി മാസത്തെ ബില്ലുകൾക്ക് 2015 ജൂൺ മാസം 15-ാം തീയതി ലെറ്റർ ഓഫ് ക്രഡിറ്റ് അനുവദിക്കുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്. 25.02.2015 ലെ ജി.ഒ.(പി) നം. 97/2015/ധന. പ്രകാരം കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിന് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സറേ യൂണിറ്റ് സ്ഥാപിച്ച പ്രവർത്തിയുടെ ബിൽ നേരത്തെ മാറുന്നതിന് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ